GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR. 74/2024 09.09.2024

**കൃഷി വകുപ്പിന്റെ ഓണസമൃദ്ധി 2024- കർഷക ചന്തകളുടെ ഉദ്ഘാടനം ഇന്ന് (10.09.2024)**

തിരുവനന്തപുരം: സംസ്ഥാന സർക്കാർ കൃഷി വകുപ്പിൻ്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 11 മുതൽ 14 വരെ നാല് ദിവസങ്ങളിലായി സംഘടിപ്പിക്കുന്ന കർഷകചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് 10.09.2024 തിരുവനന്തപുരത്ത് നടക്കും. വൈകിട്ട് 3.30ന് തിരുവനന്തപുരം വികാസ് ഭവൻ അങ്കണത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് കർഷകചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കും. തദവസരത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ അനിൽ ഹോർട്ടികോർപ്പിൻ്റെ സഞ്ചരിക്കുന്ന വില്പനശാലയുടെ ഫ്ലാഗ് ഓഫ് കർമ്മം നിർവ്വഹിക്കുന്നതാണ്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 1076 വിപണികൾ, ഹോർട്ടികോർപ്പിന്റെ 764 വിപണികൾ, വി.എഫ്.പി.സി.കെ.യുടെ 160 വിപണികൾ എന്നിങ്ങനെ ആകെ 2000 കർഷക ചന്തകളാണ് സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുന്നത്. കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്ന നാടൻ ഉൽപ്പന്നങ്ങൾക്ക് മൊത്ത വ്യാപാര വിലയേക്കാൾ 10% വും ജൈവ ഉത്പന്നങ്ങൾക്ക് 20% വും അധിക വില നൽകി സംഭരിക്കുന്നു. പൊതുജനങ്ങൾക്ക് ചില്ലറ വ്യാപാരവിലയെക്കാൾ 30% വിലക്കുറവിൽ പഴം പച്ചക്കറികൾ ലഭ്യമാക്കുന്നു. 'കർഷകരിൽ നിന്നും നേരിട്ട് ഉപഭോക്താക്കളിലേയ്ക്ക്' എന്ന ടാഗ് ലൈനോട് കൂടിയാണ് 2000 കർഷകച്ചന്തകൾ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ഥാനത്തൊട്ടാകെ പ്രവർത്തന സജ്ജമാക്കുന്നത്. കർഷകരിൽ നിന്ന് നേരിട്ട് പഴം പച്ചക്കറികൾ സംഭരിച്ച് ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനാണ് വിപണി ഇടപെടൽ പദ്ധതിയായ കർഷക ചന്തകളിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഉദ്ഘടന ചടങ്ങിൽ എം.പി., എം.എൽ.എ., മേയർ മറ്റ് ജനപ്രതിനിധികൾ, കർഷകർ, കർഷക തൊഴിലാളികൾ. ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുന്നു

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ